## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6602 12.07.2012 ൽ മറുപടിയ്ക്ക്

**മോട്ടോർ വെഹിക്കിൾ ആക്ട് ഭേദഗതി**

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി |
|---|---|---|
| (എ) മോട്ടോർ വെഹിക്കിൾ ആക്ട് ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ പരിഗണനയിലിരിക്കുന്ന ഭേദഗതികൾ ഏതെല്ലാമെന്നും ഭേദഗതികൊണ്ട് ലക്ഷ്യം വയ്ക്കുന്നത് എന്താണെന്നും വ്യക്തമാക്കുമോ; | (എ & ബി) | 1988 ലെ മോട്ടോർ വെഹിക്കിൾസ് ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്. ഇതിനായി കേന്ദ്ര റോഡ് ഗതാഗതവും ഹൈവേയ്സും മന്ത്രാലയം നിയോഗിച്ച സുന്ദർ കമ്മിറ്റി റിപ്പോർട്ടിൽ മോട്ടോർ വാഹന നിയമത്തിന്റെ വിവിധ വകുപ്പുകൾ സമഗ്രമായി ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) വാഹന നിയമത്തിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്ന ഭേദഗതികൾ, ടാക്സി, ഓട്ടോ, ടെമ്പോ വാഹനങ്ങളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | (i) നിലവിലുള്ള മോട്ടോർ വാഹന നിയമത്തിൽ "കോൺട്രാക്റ്റ് കാര്യേജ്" എന്നുള്ള തരം വാഹനത്തിന് നൽകിയിരിക്കുന്ന നിർവ്വചനത്തിൽ മാക്സി കാബിനെയും, മോട്ടോർ കാബിനെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സുന്ദർ കമ്മിറ്റി റിപ്പോർട്ടിൽ ഇവയ്ക്ക് പകരം ടാക്സിയെ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br>(ii) സുന്ദർ കമ്മിറ്റി റിപ്പോർട്ടിൽ മോട്ടോർ കാബ്, മാക്സി കാബ് എന്നിവയ്ക്ക് നിർവ്വചനം നൽകിയിട്ടില്ല. ഇവയ്ക്ക് പകരം നിലവിലുള്ള മോട്ടോർ വാഹന നിയമത്തിൽ ഇല്ലാത്ത "ടാക്സി" എന്നുള്ള പുതിയ കാറ്റഗറിയാണ് കൂട്ടിച്ചേർത്തിരിക്കുന്നത്.<br>(iii) സുന്ദർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം "Procedure of Regional Transport Authority in considering application for stage or contract carriage permit" എന്നുള്ള പുതിയ ഒരു വകുപ്പ് കൂടി നിർദ്ദേശിച്ചിട്ടുണ്ട്. സുന്ദർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ക്രോഡീകരിക്കുന്നതിനുള്ള നിർദ്ദേശം നിയമവകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ